പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 129 | 14.06.2013 ൽ മറുപടിയ്ക്ക് |

**മാതൃകാ അംഗൻവാടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ<br>,, എ. റ്റി. ജോർജ്<br>'' കെ. അച്ചുതൻ<br>'' വി. പി. സജീന്ദ്രൻ | | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും<br>വകുപ്പു മന്ത്രി) | |
| (എ) | എല്ലാ നിയോജകമണ്ഡലങ്ങളിലും മാതൃകാ അംഗൻവാടികൾ ആരംഭിക്കുന്നതിനുള്ള പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. 140 നിയോജക മണ്ഡലങ്ങളിലും നിലവിലുള്ള ഓരോ അംഗൻവാടിയെ മാതൃകാ അംഗൻവാടിയായി ഉയർത്താൻ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. സ്വന്തമായി 10 സെന്റ് സ്ഥലവും എം.എൽ.എ യുടെ ഫണ്ടും ലഭ്യമാകുന്നവയെയാണ് നിശ്ചിത മാനദണ്ഡപ്രകാരം ഇതിനായി തെരഞ്ഞെടുക്കുന്നത്. |
| (ബി) | ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (ബി) | മാതൃകാ അംഗൻവാടി കെട്ടിടത്തിൽ ക്ലാസ്റൂം, ഡൈനിംഗ് റൂം, റീഡിംഗ് റൂം, മുതിർന്ന സ്ത്രീകളുടെ പകൽ പരിപാലന ഹാൾ, ഫീഡിംഗ് റൂം, ശിശു സൗഹൃദ ടോയിലറ്റ്, സ്ത്രീ സൗഹൃദ ടോയ്‌ലറ്റ്, കുടിവെള്ള സൗകര്യം, ചുറ്റുമതിൽ, ഇലക്ട്രിഫിക്കേഷൻ തുടങ്ങിയ സൗകര്യ ങ്ങൾ ഉണ്ടായിരിക്കുന്നതാണ്. ഐ.സി.ഡി. എസ് സേവനങ്ങൾ നൽകുന്ന തോടൊപ്പം വൃദ്ധരായ സ്ത്രീകളുടെ പകൽ പരിപാലനവും കൗമാര പ്രായക്കാരായ പെൺകുട്ടികൾക്കായുള്ള സേവനങ്ങളും മാതൃകാ അംഗൻവാടിയുടെ ലക്ഷ്യങ്ങൾ ആണ്. |

| | | | |
|---|---|---|---|
| (സി) | ആയതിനുള്ള പണം എങ്ങനെ സ്വരൂപിക്കാനാണ് തീരുമാനിച്ചി ട്ടുള്ളത്; | (സി) | ഒരു മാതൃകാ അംഗൻവാടിയുടെ അടങ്കൽ തുക 23.75 ലക്ഷം രൂപയാണ്. ഇതിൽ എം.എൽ.എ യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും 6.75/- ലക്ഷം രൂപയും സാമൂഹ്യനീതി വകുപ്പിന് സപ്ലിമെന്ററി ന്യൂട്രീഷൻ പ്രോഗ്രാമിനത്തിൽ കേന്ദ്രസഹായമായി ലഭിച്ചതിൽ ബാക്കിയുള്ള വിഹിതത്തിൽ നിന്ന് 17 ലക്ഷം രൂപയും ഇതിനായി വകയിരുത്തിയിട്ടുണ്ട്. |
| (ഡി) | മാതൃകാ അംഗൻവാടികളിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | 10 സെന്റ് സ്ഥലത്തിൽ പണിയാൻ ഉദ്ദേശിക്കുന്ന മാതൃകാ അംഗൻവാടി കെട്ടിടത്തിൽ ക്ലാസ്റൂം, ഡൈനിംഗ് റൂം, റീഡിംഗ് റൂം, മുതിർന്ന സ്ത്രീകളുടെ പകൽ പരിപാലന ഹാൾ, ഫീഡിംഗ് റൂം, ശിശു സൗഹൃദ ടോയ്‌ലറ്റ്, സ്ത്രീ സൗഹൃദ ടോയ്‌ലറ്റ്, കുടിവെള്ള സൗകര്യം, ചുറ്റുമതിൽ, ഇലക്ട്രിഫിക്കേഷൻ തുടങ്ങിയ സൗകര്യങ്ങൾ ഉണ്ടായിരിക്കുന്നതാണ്. അതോടൊപ്പം വൃദ്ധരായ സ്ത്രീകളുടെ പകൽ പരിപാലനവും കൗമാര പ്രായക്കാരായ പെൺകുട്ടികൾ ക്കായുള്ള സേവനങ്ങളും മാതൃകാ അംഗൻവാടിയിൽ ലഭ്യമാണ്. |

**സെക്ഷൻ ഓഫീസർ**